DESPATCHED
On..11/9/21.......

11/8/21

# സംസ്ഥാന വിവരാവകാശകമ്മീഷൻ കേരളം

**തിരുവനന്തപുരം_695 001**
**Tel: 0471 2561600/2561614/2561623/2332533, Fax: 0471 2330920**
Email: sic.ker@nic.in

**ഹർജി നമ്പർ AP.No.545(1)/2021/SIC തീർപ്പുകൽപ്പിച്ചുകൊണ്ടുള്ള നടപടിക്രമം**
**File No.5353/SIC-Gen4/2021**

**സന്നിഹിതൻ**
**ഡോ. വിശ്വാസ് മേത്ത, മുഖ്യവിവരാവകാശ കമ്മീഷണർ**
**തീയതി: 2021 ആഗസ്റ്റ് 11**

ശ്രീ. കെ.എസ്. അരവിന്ദാക്ഷൻ,
കരിക്കണം ചേരിൽ,
എഴുപുന്ന വാർഡ്-9,
ചേർത്തല, ആലപ്പുഴ.
} അപ്പീൽ ഹർജിക്കാരൻ

1. സ്റ്റേറ്റ് പബ്ലിക് ഇൻഫർമേഷൻ ഓഫീസർ,
ഡെപ്യൂട്ടി പോലീസ് സൂപ്രണ്ടിന്റെ കാര്യാലയം,
ചേർത്തല, ആലപ്പുഴ.
2. സ്റ്റേറ്റ് പബ്ലിക് ഇൻഫർമേഷൻ ഓഫീസർ,
അരൂർ പോലീസ് സ്റ്റേഷൻ,
ആലപ്പുഴ.
3. അപ്പീൽ അധികാരി & ജില്ലാ പോലീസ് മേധാവി,
ജില്ലാ പോലീസ് മേധാവിയുടെ കാര്യാലയം,
ആലപ്പുഴ.

} എതിർകക്ഷികൾ

| | |
|---|---|
| 6(1) പ്രകാരമുള്ള അപേക്ഷാ തീയതി | 02/02/2021 |
| 6(1) അപേക്ഷയ്ക്ക് മറുപടി ലഭ്യമാക്കിയ തീയതി | 08/02/2021, 28/02/2021 |
| ഒന്നാം അപ്പീൽ അപേക്ഷാ തീയതി | 10/03/2021 |
| ഒന്നാം അപ്പീൽ അപേക്ഷ തീർപ്പാക്കിയ തീയതി | 25/03/2021 |
| കമ്മീഷനിൽ രണ്ടാം അപ്പീൽ സമർപ്പിച്ച തീയതി | 20/04/2021 |
| കമ്മീഷനിൽ രണ്ടാം അപ്പീൽ കൈപ്പറ്റിയ തീയതി | 26/04/2021 |
| കമ്മീഷൻ റിപ്പോർട്ട് ആവശ്യപ്പെട്ട തീയതി | 17/06/2021 |
| കമ്മീഷനിൽ റിപ്പോർട്ട് ലഭിച്ച തീയതി | 05/07/2021 |
| ഹിയറിംഗ് നടന്ന തീയതി | 11/08/2021-വീഡിയോ/ഓഡിയോ ഹിയറിംഗ് |
| ഹിയറിംഗിലെ സാന്നിദ്ധ്യം:അപ്പീൽ ഹർജിക്കാരൻ<br>എസ്.പി.ഐ.ഒ. മാർ | ഹാജരായി<br>ഹാജരായി |

## ഉത്തരവ്

അപ്പീൽ ഹർജിക്കാരനായ ശ്രീ. കെ.എസ്. അരവിന്ദാക്ഷൻ, കമ്മീഷൻ മുമ്പാകെ സമർപ്പിച്ച അപ്പീൽ ഹർജിയിൽ ബോധിപ്പിച്ചത്, ടിയാൻ 21.10.2021 ന് എഴുപുന്ന പഞ്ചായത്ത്, ആലപ്പുഴ ജില്ലാ കളക്ടർ, ആലപ്പുഴ ജില്ലാ പോലീസ് ചീഫ്

എന്നിവർക്ക് കൊടുത്ത പരാതിയിൻമേൽ നടപടിയുണ്ടാകാത്തതിനാൽ വിവരാവകാശ നിയമപ്രകാരം ഒന്നാം എതിർകക്ഷിയ്ക്ക് അപേക്ഷ നൽകിയെന്നും ആയതിന് കൃത്യമായ മറുപടി ലഭിക്കാത്തതിനാൽ മൂന്നാം എതിർകക്ഷി മുമ്പാകെ ഒന്നാം അപ്പീൽ കൊടുത്തുവെന്നും ആയതിന് ശരിയായ പ്രശ്നപരിഹാരമോ അന്വേഷണ റിപ്പോർട്ടോ കിട്ടിയില്ലെന്നും ആയതിനാൽ ടിയാന്റെ പരാതി പരിഹരിക്കുന്നതിന് ആവശ്യമായ നടപടി ഉണ്ടാകണമെന്നുമാണ്.

2. ഒന്നാം എതിർകക്ഷി മുമ്പാകെ സമർപ്പിച്ച അപേക്ഷയിൽ ഹർജിക്കാരൻ ആവശ്യപ്പെട്ടത്, ടിയാൻ 21.10.2020-ന് ആലപ്പുഴ ജില്ലാ കളക്ടർക്ക് നൽകിയ പരാതി അനന്തര നടപടികൾക്കായി എതിർകക്ഷി ഓഫീസിലേക്ക് അയച്ചിരുന്നു എന്നും അതിന്റെ അന്വേഷണ റിപ്പോർട്ട്, അനന്തര നടപടി എന്നിവ അറിയിക്കണമെന്നുമാണ്. മേൽപ്പടി അപേക്ഷയ്ക്ക് 8.2.2021-ന് ഒന്നാം എതിർകക്ഷി നൽകിയ മറുപടിയിൽ അറിയിച്ചത്, ടി പരാതി 4134/പി2-460/20/എസ്.എസ്.ഡി. നമ്പരായി അന്വേഷണത്തിനും നടപടികൾക്കുമായി നിർദ്ദേശിച്ച് രണ്ടാം എതിർകക്ഷിയ്ക്ക് 22.10.2020-ന് അയച്ചു നൽകിയിട്ടുണ്ടെന്നാണ്.

3. ഹർജിക്കാരൻ മൂന്നാം എതിർകക്ഷി മുമ്പാകെ 10.3.2021-ന് സമർപ്പിച്ച അപ്പീൽ അപേക്ഷയിൽ പ്രസ്താവിച്ചത്, ടിയാന്റെ അപേക്ഷയിന്മേൽ ഒന്നാം എതിർകക്ഷി തൃപ്തികരമായ മറുപടി നൽകിയില്ലെന്നും ടിയാന്റെ പരാതിക്ക് പരിഹാരമുണ്ടാക്കണമെന്നുമാണ്. മേൽപ്പടി അപ്പീൽ അപേക്ഷ തീർപ്പാക്കി 25.3.2021-ന് പുറപ്പെടുവിച്ച ഉത്തരവിൽ മൂന്നാം എതിർകക്ഷി പ്രസ്താവിച്ചത്, ഹർജിക്കാരൻ ആവശ്യപ്പെട്ട റിപ്പോർട്ട് നൽകിയില്ല എന്ന് അപ്പീൽ അപേക്ഷയിൽ പരാമർശിച്ചിട്ടുള്ളതിനാൽ ചേർത്തല ഡി.വൈ.എസ്.പി.യോട് റിപ്പോർട്ട് ആവശ്യപ്പെട്ട പ്രകാരം ഹാജരാക്കിയിട്ടുള്ളതും ഹർജിക്കാരന്റെ പരാതി 4134/പി-2-460/20 എസ്.എസ്.ഡി. നമ്പരായി 23/10/2020 തീയതി അന്വേഷണത്തിനും നടപടികൾക്കുമായി അരൂർ പോലീസ് സ്റ്റേഷനിലേക്ക് അയച്ചു നൽകിയിട്ടുള്ളതും തുടർന്ന് അരൂർ ഐ.എസ്.എച്ച്.ഒ. പരാതിയിൽ അന്വേഷണം നടത്തിയതിൽ, നിലവിൽ കാക്കത്തുരുത്ത് ദ്വീപിൽ വള്ളം അടുക്കുന്ന കടവിന്റെ ഉടമസ്ഥതാവകാശത്തെക്കുറിച്ച് പഞ്ചായത്തിൽ അന്വേഷിച്ചതിൽ, വില്ലേജ് ഓഫീസിലെ കണക്കുപ്രകാരം 189/2.15, 189/3എ, 41, 189/38 10, 189/3സി ബി1 എന്നീ സർവ്വെ നമ്പരുകളായുള്ള വസ്തു കരിക്കണംചേരിൽ അരവിന്ദൻ-അംബുജാക്ഷൻ എന്നിവരുടെ പേരിൽ കരം അടച്ചു പോരുന്നതായി കാണുന്നു എന്നും ടി സ്ഥലം തന്നെയാണോ കടത്തുകടവിലുള്ളതെന്ന് വ്യക്തമാക്കേണ്ടതിലേയ്ക്ക് താലൂക്ക് സർവ്വെയറുടെ സാക്ഷ്യപത്രം ആവശ്യമാണെന്നാണ് പഞ്ചായത്തിൽ നിന്നും

അറിയിച്ചിട്ടുള്ളതെന്നും ഹർജിക്കാരൻ നൽകിയ പരാതിയിൽ പ്രതിപാദിച്ചിട്ടുള്ള വിഷയങ്ങൾ എല്ലാം തന്നെ പോലീസിനു നേരിട്ട് നടപടിയെടുക്കേണ്ടതല്ലാത്ത സിവിൽ സ്വഭാവമുള്ളതാകയാൽ പഞ്ചായത്തിൽ നിന്നും പരിഹാരം കാണേണ്ടതാണെന്ന് ബോധ്യമായിട്ടുള്ളതാണെന്നുമാണ്.

4. രണ്ടാം എതിർകക്ഷി 28.02.2021 തീയതി ഹർജിക്കാരന് നൽകിയ മറുപടിയിൽ അറിയിച്ചത്, ടിയാൻ നൽകിയ പരാതിയിൽ അന്വേഷണം നടത്തിയതിൽ, നിലവിൽ കാക്കത്തുരുത്ത് ദ്വീപിൽ വള്ളം അടുക്കുന്ന കടവിന്റെ ഉടമസ്ഥതാവകാശത്തെക്കുറിച്ച് പഞ്ചായത്തിൽ അന്വേഷിച്ചതിൽ, വില്ലേജ് ഓഫീസിലെ കണക്കുപ്രകാരം 189/2.15, 189/3എ, 41, 189/38 10, 189/3സി ബി1 എന്നീ സർവ്വെ നമ്പരുകളായുള്ള വസ്തു കരിക്കണംചേരിൽ അരവിന്ദൻ-അംബുജാക്ഷൻ എന്നിവരുടെ പേരിൽ കരം അടച്ചു പോരുന്നതായി കാണുന്നു എന്നും എന്നാൽ ടി സ്ഥലം തന്നെയാണോ കടത്തുകടവിലുള്ളതെന്ന് വ്യക്തമാക്കേണ്ടതിലേയ്ക്ക് താലൂക്ക് സർവ്വെയരുടെ സാക്ഷ്യപത്രം ആവശ്യമാണെന്നാണ് പഞ്ചായത്തിൽ നിന്നും അറിയിച്ചിട്ടുള്ളതെന്നും ടിയാൻ നൽകിയ പരാതിയിൽ പ്രതിപാദിച്ചിട്ടുള്ള വിഷയങ്ങൾ എല്ലാം തന്നെ പോലീസിനു നേരിട്ട് നടപടിയെടുക്കേണ്ടതല്ലാത്ത സിവിൽ സ്വഭാവമുള്ളതാണെന്നുമാണ്.

5. മൂന്നാം എതിർകക്ഷി, കമ്മീഷൻ മുമ്പാകെ സമർപ്പിച്ച റിപ്പോർട്ടിൽ പ്രസ്താവിച്ചത്, വിവരാവകാശ നിയമ പ്രകാരം ലഭ്യവും അനുവദനീയവുമായ രേഖകൾ എല്ലാം തന്നെ നൽകിയിട്ടുള്ളതാണെന്നാണ്.

6. അപ്പീൽ ഹർജിയും ബന്ധപ്പെട്ട രേഖകളും പരിശോധിച്ചതിൽ, ഹർജിക്കാരൻ 20.10.2020-ന് ആലപ്പുഴ ജില്ലാ പോലീസ് ചീഫിന് നൽകിയ പരാതിയിന്മേൽ സ്വീകരിച്ച നടപടി വിവരം ആരാഞ്ഞുകൊണ്ടാണ് 2.2.2021-ന് ഒന്നാം എതിർകക്ഷി മുമ്പാകെ വിവരാവകാശ അപേക്ഷ നൽകിയത് എന്ന് കാണുന്നു. ടി അപേക്ഷ 8.2.2021-ന് വിവരാവകാശ നിയമം 6(3) പ്രകാരം രണ്ടാം എതിർകക്ഷിക്ക് അയച്ചു കൊടുത്ത് നടപടിവിവരം ഹർജിക്കാരനെ അറിയിച്ചിട്ടുള്ളതായും കാണുന്നു. രണ്ടാം എതിർകക്ഷി 28.2.2021-ന് നൽകിയ മറുപടിയിൽ, ഹർജിക്കാരൻ സമർപ്പിച്ച പരാതിയിൽ പ്രതിപാദിച്ചിട്ടുള്ള വിഷയങ്ങളെല്ലാം തന്നെ പോലീസിന് നേരിട്ട് നടപടിയെടുക്കേണ്ടതല്ലാത്ത സിവിൽ സ്വഭാവമുള്ളതാകയാൽ ബന്ധപ്പെട്ട അധികാരികളിൽ നിന്നും പരിഹാരം കാണേണ്ടതാണെന്നുള്ള വിവരം ഹർജിക്കാരനെ അറിയിച്ചിട്ടുള്ളതായും കാണുന്നു. ഹർജിക്കാരൻ 10.3.2021-ന് മൂന്നാം എതിർകക്ഷിയ്ക്ക് നൽകിയ അപ്പീൽ 25.3.2021-ന് ഒന്നാം എതിർകക്ഷി നൽകിയ മറുപടി ശരിവച്ച് തീർപ്പാക്കിയിട്ടുള്ളതുമാണ്. ആയതിനാൽ

തെറ്റിദ്ധരിപ്പിക്കുന്നതോ പൂർണ്ണമായതോ അല്ലാത്ത മറുപടി എതിർകക്ഷികൾ ഹർജിക്കാരന് നൽകിയതായി കാണുന്നില്ല. മാത്രമല്ല നൽകിയ അപേക്ഷയിന്മേൽ ഭരണപരമായ നടപടി സ്വീകരിച്ച് വിവരം സൃഷ്ടിച്ച് നൽകുക, പരാതിക്ക് പരിഹാരം ആവശ്യപ്പെടുക എന്നിവയൊന്നും വിവരാവകാശ നിയമത്തിന്റെ പരിധിയിൽ വരുന്ന കാര്യങ്ങളല്ല എന്നതിനാൽ എതിർകക്ഷികൾ നൽകിയ മറുപടികളിൽ അപാകതയൊന്നും കമ്മീഷൻ കാണുന്നില്ല. എന്നാൽ ഹർജിക്കാരൻ ആവശ്യപ്പെടുകയാണെങ്കിൽ ടിയാന് മറുപടി നൽകുവാൻ ആധാരമാക്കിയ ഫയലുകൾ നേരിട്ട് പരിശോധിക്കുന്നതിന് എതിർകക്ഷികൾ ഹർജിക്കാരന് അനുമതി നൽകണമെന്നും, ടിയാന്റെ പരാതിയിന്മേൽ എന്തെങ്കിലും നടപടി സ്വീകരിച്ചിരുന്നുവെങ്കിൽ ആയതിന്റെ പൂർണ്ണ വിവരങ്ങൾ ഹർജിക്കാരന് ഈ ഉത്തരവ് കൈപ്പറ്റി 7 ദിവസത്തിനകം നൽകണമെന്നും കമ്മീഷൻ നിർദ്ദേശിക്കുന്നു.

7. മേൽ പ്രസ്താവിച്ച പ്രകാരം ഈ അപ്പീൽ ഹർജി ഇന്നേ ദിവസം 2021 ആഗസ്റ്റ് 11 -ാം തീയതി തീർപ്പാക്കി കമ്മീഷൻ ഉത്തരവ് പുറപ്പെടുവിക്കുന്നു.

(ഒപ്പ്)
ഡോ. വിശ്വാസ് മേത്ത
മുഖ്യ വിവരാവകാശ കമ്മീഷണർ

**സാക്ഷ്യപ്പെടുത്തിയ പകർപ്പ്**

**കമ്മീഷൻ സെക്രട്ടറി**

us

STATE INFORMATION COMMISSION * KERALA, THIRUVANANTHAPURAM *